# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.282* | 23.03.15-ൽ മറുപടി പറയേണ്ടത്

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻനായർ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീമതി കെ.കെ.ലതിക<br>ശ്രീ.കെ.കുഞ്ഞിരാമൻ തൃക്കരിപ്പൂർ | ശ്രീ.എം.കെ.മുനീർ<br>(ബഹു:പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം ചെലവഴിക്കലിൽ, 2012-13 ലാണ് ഉല്പാദന മേഖലയിൽ ഏറ്റവും കുറവ് സംഭവിച്ചതെന്ന എ.ജി.യുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉല്പാദന മേഖലയായ കൃഷി, മൃഗസംരക്ഷണം എന്നിവ തഴയപ്പെടുന്നത് സംബന്ധിച്ച നിലപാട് അറിയിക്കാമോ : | (ബി) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും സവിശേഷ സാഹചര്യമനുസരിച്ച് ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചു കൊണ്ടാണ് സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. അതനുസരിച്ച് ഉല്പാദനമേഖലയിൽ 85% വരെ വികസന ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് ചെലവാക്കാവുന്ന സാഹചര്യമുണ്ട്. ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള പൂർണ്ണമായ അധികാരം ഗ്രാമ പഞ്ചായത്തുകൾക്കുണ്ട്. |
| (സി) ഈ സാഹചര്യം ഗ്രാമങ്ങളുടെ സ്വയംപര്യാപ്തതയെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ: | (സി) ഓരോ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യമാക്കി ഓരോ ഗ്രാമപഞ്ചായത്തും പദ്ധതി തയ്യാറാക്കുന്നതിനാണ് മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരം പദ്ധതി ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കുന്നപക്ഷം ഗ്രാമങ്ങൾക്ക് സ്വയം പര്യാപ്തത നേടാവുന്ന സാഹചര്യം നിലവിലുണ്ട്. |

| | |
|---|---|
| (ഡി) ഉല്പാദന മേഖലയ്ക്ക് പ്രാധാന്യം നൽകുന്ന നിലയിലേയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം മാറ്റിയെടുക്കുന്നതിന് തയ്യാറാകുമോ? | (ഡി) ഉല്പാദന മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ